# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1267 — 12.06.2014-ൽ മറുപടിയ്ക്ക്

## ആക്കുളം പാലത്തിന്റെ ടോൾ പിരിവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കഴക്കൂട്ടം-കോവളം ബൈപ്പാസ് റോഡിൽ ആക്കുളം പാലത്തിന് ടോൾ ഏർപ്പെടുത്തിയത് ഏത് തീയതി മുതൽ ആയിരുന്നു എന്നറിയിക്കുമോ ; ഇതുവരെ ടോൾ ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തു ; | (എ) 25.02.2004 മുതലാണ് ഇവിടെ ടോൾ പിരിവ് തുടങ്ങിയത്. 2014 ഏപ്രിൽ മാസം വരെ 12,81,80,999/-(പന്ത്രണ്ട് കോടി എൺപത്തൊന്ന് ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റൊമ്പത്) രൂപ ടോൾ ഇനത്തിൽ പിരിച്ചെടുത്തു. |
| (ബി) പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ പാലത്തിന്റെ നിർമ്മാണ ചെലവ് 17,38,41,468/-(പതിനേഴ് കോടി മുപ്പത്തിയെട്ട് ലക്ഷത്തി നാൽപത്തൊന്നായിരത്തി നാനൂറ്റി അറുപത്തിയെട്ട്) രൂപയായിരുന്നു. |
| (സി) ടോൾ എത്രകാലം കൂടി തുടരാനാണ് ഉദ്ദേശിക്കുന്നതെന്നും ടോൾ പിരിവ് ഇപ്പോൾ ഏത് ഏജൻസിയാണ് നടത്തുന്നതെന്നും ഇവർക്കെതിരെ പരാതികൾ വല്ലതും ഉയർന്നിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ ? | (സി) കേന്ദ്രസർക്കാരിന്റെ 1997-ലെ National Highways (Fees for the use of National Highways Section and Permanent Bridge – Public funded Project) Rules അനുസരിച്ചാണ് ദേശീയപാതയിലെ പാലങ്ങളുടെ ടോൾ പിരിവ് നടത്തുന്നത്. ഇതനുസരിച്ച് ടോൾ പിരിവ് നിരന്തരം (Perpetual) നടത്തേണ്ടതാണ്. നിലവിൽ ഇവിടെ ടോൾ പിരിക്കുന്നത് ശ്രീ.കെ.രവീന്ദ്രൻ (ട്രാവൽ ഇന്ത്യ, എം.ജി റോഡ്, സെക്രട്ടേറിയറ്റിന് എതിർവശം, തിരുവനന്തപുരം-695 001) എന്ന കരാറുകാരൻ മുഖേനയാണ്. ഈ കരാറുകാരനെ കുറിച്ച് നിലവിൽ പരാതികളൊന്നും ലഭിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ